**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2884 20.06.2013 - ൽ മറുപടിക്ക്**

**എ.ഡി.ബി.സഹായത്തോടെ റോഡ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എ.ഡി.ബി. സഹായത്തോടെ ഉന്നത നിലവാരത്തിലുള്ള റോഡ് പണിയുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ. റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സമഗ്ര വികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി. 1204 കി.മീ. റോഡുകളാണ് റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ 551 കി.മീ. റോഡുകളും സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന അപ്ഗ്രഡേഷൻ പാക്കേജിൽ 653 കി.മീ. റോഡുകളും ഉൾപ്പെടുന്നു. റോഡുകൾ ശാസ്ത്രീയമായി പുനർ നിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, |

ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നി സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(സി) റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 551 കി.മീ. റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി സർക്കാർ ധനസഹായത്തോടെ അന്യൂറ്റി രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിൽ വരുന്ന 653 കി.മീ. റോഡുകളുടെ വികസനത്തിനാവശ്യ മായ തുക ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപന ങ്ങളിൽ നിന്നും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) പദ്ധതിനടപ്പാക്കുന്നതിന് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി (RICK) എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ നവീകരണത്തിന് കൺസഷനയർ കമ്പനികളിൽ നിന്നും കരാർ ക്ഷണിച്ചിട്ടുണ്ട്. അപ്ഗ്രഡേഷൻ പാക്കേജിലെ റോഡുകളുടെ വികസനത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ